LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ പദ്ധതിയുടെ ട്രാൻസ്മിഷൻ മെയിൻ, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ എന്നിവയൊഴിച്ച് മറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചു. ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി മൂന്നുതവണ ടെണ്ടർ ചെയ്യുകയുണ്ടായി. രണ്ടുതവണയും അനുയോജ്യമായ ഓഫർ ലഭിച്ചിട്ടില്ല. മൂന്നമത്തെ തവണ ലഭിച്ച ടെണ്ടർ പ്രകാരമാണ് പ്രവൃത്തി നടന്നുവരുന്നത്. ട്രാൻസ്മിഷൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി 88 % പൂർത്തീകരിച്ചു.

(സി) പദ്ധതിയുടെ എല്ലാ ഘടകങ്ങളും പൂർത്തീകരിച്ച് 2016 മാർച്ചിൽ കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

തോട്ടപ്പള്ളി സ്പിൽവേ

138 (4941) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടപ്പള്ളി സ്പിൽവേയുടെ ഷട്ടറുകൾ മാറ്റി സ്റ്റെയിൻലെസ് സ്റ്റീൽ ഷട്ടറുകൾ സ്ഥാപിക്കുന്നതിനുവേണ്ടി 8.35 കോടി രൂപ ചെലവുവരുന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ലീഡിംഗ് ചാനൽ ഡ്രഡ്ജ് ചെയ്യുന്നതിനും കടൽ മുഖത്തുള്ള മണ്ണ് മാറ്റുന്നതിനും മറ്റും ഇതുവരെ സ്വീകരിച്ച നടപടികൾ, ചെലവഴിച്ച തുക സഹിതം വിശദമാക്കാമോ ?

ഉത്തരം

(എ) തോട്ടപ്പള്ളി സ്പിൽവേയിൽ 40 എണ്ണം പഴയ ഷട്ടറുകൾ മാറ്റി പുതിയ സ്റ്റെയിൻലെസ് സ്റ്റീൽ ഷട്ടറുകൾ സ്ഥാപിക്കുന്നതിന് 8,61,57,331 രൂപയുടെ ഭരണ സാങ്കേതിക അനുമതികൾ നൽകിയിരുന്നു. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഇറിഗേഷൻ, മെക്കാനിക്കൽ എറണാകുളം പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ വിളിക്കുകയും മെസ്സേഴ്സ് എം.എ.ആർ. ഫാബ്രിക്കേറ്റേഴ്സ് ഇന്ത്യ (പ്രൈവറ്റ് ലിമിറ്റഡ്) കർണ്ണാടക എന്ന സ്ഥാപനവുമായി 12-5-2014-ലെ 01/4-15/എസ്.ഇ./എം.ഇ. സി.എച്ച്./ഇറിഗേഷൻ നമ്പർ പ്രകാരം എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. തുടർന്ന് 20 പുതിയ ഷട്ടറുകൾ നിർമ്മിച്ചിട്ടുണ്ട്. പാർട്ട് ബിൽ ലഭിക്കുന്നമുറയ്ക്ക് ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണെന്ന് കോൺട്രാക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) തോട്ടപ്പള്ളി സ്പിൽവേയുടെ കിഴക്ക് ഭാഗത്തെ കായൽവശം ഡ്രഡ്ജ് ചെയ്ത് ആഴം കൂട്ടുന്നതിന് 1.8 കോടി രൂപയുടെ എസ്റ്റിമേറ്റിൽ ഡിപ്പാർട്ടുമെന്റ് ഡ്രഡ്ജിന്റെ വാടക ഒഴിവാക്കി 56,01,000 (അമ്പത്തിയാറ് ലക്ഷത്തി ആയിരം) രൂപ അനുവദിക്കുകയുണ്ടായി ടി. പ്രവൃത്തി 22-3-2014-ൽ ഇടങ്ങുകയും അനുവദിച്ച ഇുക പൂർണ്ണമായി വിനിയോഗിക്കുകയും ചെയ്തു. എം.എസ്.എൽ.നിന്നും 2.7 മീറ്റർ ആഴത്തിൽ ഡ്രഡ്ജ് ചെയ്യുന്നതിനായി 20-2-2015-ൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

ജലാശയങ്ങളുടെ കയ്യേറ്റം

139 (4942) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ ജലാശയങ്ങളെ കൈയ്യേറ്റത്തിൽനിന്ന് സംരക്ഷിക്കുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട് ; ഇവയെ റവന്യൂ രേഖകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ എല്ലാ ജലാശയങ്ങളെയും കയ്യേറ്റത്തിൽനിന്നും വീണ്ടെടുത്തും റവന്യൂ രേഖകളിൽ ഉൾപ്പെടുത്തിയും സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഭൂജല റീ-ചാർജ് പ്രക്രിയയുടെ സാധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ സംരംഭത്തിനായി സർക്കാർ ഏതെല്ലാം തരത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട് ; വിശദവിവരം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ജലാശയങ്ങളെ കയ്യേറ്റത്തിൽനിന്നും സംരക്ഷിക്കുന്നതിനായി ജലസേചന വകുപ്പ് പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. ഇതിനായി എല്ലാ ഉദ്യോഗസ്ഥൻമാർക്കും പ്രത്യേക നിർദ്ദേശം നൽകി ജലസേചനവകുപ്പ് ചീഫ് എഞ്ചിനീയർ 12-11-2013-ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഏതെങ്കിലും തരത്തിലുള്ള കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട റവന്യൂ അധികൃതരുമായി ചേർന്ന് കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റവന്യൂ രേഖകളിൽ ജലാശയങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

(സി) ഭൂജലവകുപ്പ് കഴിഞ്ഞ കുറേകാലങ്ങളായി ഭൂജലസംരക്ഷണവും കൃത്യമായ സംപോഷണവും എന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. നദികളുടെ ഭാഗമായിട്ടുള്ള ചെറിയ കൈവഴികളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ചെറിയ തടയണ നിർമ്മാണം ഈ പദ്ധതിയിൽ ഉൾപ്പെടുന്നുണ്ട്. 2014-15-ൽ നാല്

LIBRARY ARCHIVES Kerala Legislative Assembly